**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4304** **06-03-2023 - ൽ മറുപടിയ്ക്ക്**

**ജി.എസ്.ടി.നഷ്ടപരിഹാരവും ഐ.ജി.എസ്.ടിയും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ജി.എസ്.ടി.നഷ്ടപരിഹാരം ലഭിയ്ക്കുന്നതിനുള്ള നാളിതുവരെയുള്ള കണക്കുകൾ ഒരോന്നും ഏതെല്ലാം തീയതിയിലാണ് എ.ജി.സാക്ഷ്യപ്പെടുത്തി കേന്ദ്ര സർക്കാരിന് സംസ്ഥാനം സമർപ്പിയ്ക്കേണ്ടിയിരുന്നതെന്ന് വ്യക്തമാക്കുമോ; അത് സംസ്ഥാനം ഏതു തീയതിയിലാണ് കേന്ദ്രത്തിന് സമർപ്പിച്ചതെന്ന് വ്യക്തമാക്കുമോ; ഓരോ വർഷത്തേയും കണക്കുകൾ സമർപ്പിയ്ക്കുന്നതിൽ കാലതാമസം ഉണ്ടായിട്ടുണ്ടോ; എങ്കിൽ എത്ര ദിവസത്തെ വീതം കാലതാമസമാണ് ഓരോ വർഷത്തെയും കണക്കുകളും സമർപ്പിയ്ക്കുന്നതിൽ നേരിട്ടിട്ടുള്ളതെന്നുള്ള വിവരം വർഷം തിരിച്ച് ലഭ്യമാക്കുമോ; | (എ) | ജി.എസ്.ടി. നിലവിൽ വന്നപ്പോൾ ചരക്ക് സേവന നികുതി (സംസ്ഥാനങ്ങൾക്കുള്ള നഷ്ടപരിഹാരം) നിയമം, 2017 പ്രകാരം സംസ്ഥാനങ്ങൾക്കുണ്ടാകുന്ന സാമ്പത്തിക നഷ്ടം കണക്കിലെടുത്ത് 2015-16 ലെ നികുതി വരുമാനത്തിന്റെ 14 ശതമാനം വാർഷിക വർദ്ധനവ് കണക്കിൽ അഞ്ച് വർഷത്തേക്ക് സംസ്ഥാനങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് വ്യവസ്ഥ ചെയ്തിരുന്നു. ഇത് 2022 ജൂൺ മാസത്തോടെ അവസാനിച്ചു. പ്രസ്തുത നിയമത്തിന്റെ വകുപ്പ് 7(2) അനുശാസിക്കുന്നപ്രകാരം ഒരു സംസ്ഥാനത്തിന് നൽകേണ്ട നഷ്ടപരിഹാരം താൽകാലികമായി കണക്കാക്കുകയും ഓരോ രണ്ട് മാസ കാലയളവിന്റെ അവസാനം റിലീസ് ചെയ്യുകയും ചെയ്യും. എല്ലാ സാമ്പത്തിക വർഷത്തിനും ഒടുവിൽ Comptroller and Auditor General ഓഡിറ്റ് ചെയ്ത അന്തിമ വരുമാന കണക്കുകൾ ലഭിച്ചതിന് ശേഷം ആയത് അന്തിമമായി കണക്കാക്കാനും ടി നിയമം വ്യവസ്ഥ ചെയ്യുന്നു.<br><br>ടി നിയമപ്രകാരം ഫൈനൽ അക്കൗണ്ട് CAG സാക്ഷ്യപ്പെടുത്തി ലഭിക്കുന്ന മുറയ്ക്കാണ് കോമ്പൻസേഷൻ തുക അന്തിമമായി തീരുമാനിക്കപ്പെടുന്നത്. എന്നാൽ ജി.എസ്.ടി. കോമ്പൻസേഷൻ പ്രൊവിഷണലായി ലഭിക്കുന്നതിന് ഇത് തടസ്സമായിട്ടില്ല. ഇതിനുവേണ്ടി AG ഓഫീസ് സംസ്ഥാനത്തിന്റെ നികുതി വരുമാനത്തിന്റെ 2017-18 ജൂലൈ മുതൽ 2020-21 വരെയുള്ള വിശദാംശങ്ങൾ സംസ്ഥാന ചരക്ക സേവന നികുതി വകുപ്പിന് 13.02.2023-ൽ ആണ് നൽകിയിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട് വകുപ്പിന്റെ നിരീക്ഷണങ്ങൾ അക്കൗണ്ടന്റ് ജനറൽ ഓഫീസിന് 24/02/2023-ൽ അറിയിച്ചിട്ടുണ്ട്. ഇത് |

| | | | |
|---|---|---|---|
| | | | സംബന്ധിച്ചുള്ള ചർച്ചകൾ സർക്കാർ തലത്തിൽ നടന്നു വരികയാണ്. |
| (ബി) | ജി.എസ്.ടി.നഷ്ടപരിഹാരമായി സംസ്ഥാനത്തിന് ഇനി എത്ര തുകയാണ് ലഭിയ്ക്കാൻ ബാക്കിയുള്ളതെന്നും ആയത് ലഭിയ്ക്കുന്നതിനായി കേന്ദ്രം ആവശ്യപ്പെട്ടിട്ടുള്ള രേഖകളെല്ലാം സംസ്ഥാനം സമർപ്പിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ; എങ്കിൽ എന്നാണ് സമർപ്പിച്ചതെന്നും വ്യക്തമാക്കുമോ,; | (ബി) | ചരക്ക് സേവന നികുതി (സംസ്ഥാനങ്ങൾക്കുള്ള നഷ്ടപരിഹാരം) നിയമം, 2017 ന്റെ വകുപ്പ് 7(2) പ്രകാരം ഒരു സംസ്ഥാനത്തിന് നൽകേണ്ട നഷ്ടപരിഹാരം താൽകാലികമായി കണക്കാക്കുകയും ഓരോ രണ്ട് മാസ കാലയളവിന്റെ അവസാനം റിലീസ് ചെയ്യുകയും ചെയ്യും. എല്ലാ സാമ്പത്തിക വർഷത്തിനും ഒടുവിൽ Comptroller and Auditor General ഓഡിറ്റ് ചെയ്ത അന്തിമ വരുമാന കണക്കുകൾ ലഭിച്ചതിന് ശേഷം ആയത് അന്തിമമായി കണക്കാക്കാനുമാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. അങ്ങനെ പ്രൊവിഷണലായി കണക്കാക്കിയത് പ്രകാരം സംസ്ഥാനത്തിന് 2017 ജൂലായ് മുതൽ 2022 ജൂൺ വരെ നഷ്ടപരിഹാര ഇനത്തിൽ ലഭിക്കാൻ ഉണ്ടായിരുന്നത് 42599.38 കോടി രൂപയാണ്. ഇതിൽ, അവസാനമായി 2023 ഫെബ്രുവരിയിൽ ലഭിച്ച 780 കോടി രൂപ ഉൾപ്പെടെ, 42558.72 കോടി രൂപ ഇതുവരെ ലഭിച്ചിട്ടുണ്ട്. |
| (സി) | ഐ.ജി.എസ്.ടി ഇനത്തിൽ സംസ്ഥാനത്തിന് എത്ര തുക ലഭിയ്ക്കാനുണ്ട്; ഇത് ലഭിയ്ക്കുന്നതിന് സംസ്ഥാനം ക്ലെയിം നൽകേണ്ടതുണ്ടോ; എങ്കിൽ അത് നൽകിയിട്ടുണ്ടോ; ഐ.ജി.എസ്.ടി ഇനത്തിൽ സംസ്ഥാനത്തിന്റെ വിഹിതം ലഭിയ്ക്കാത്തതിന് കാരണമെന്തെന്ന് അറിയിക്കുമോ? | (സി) | ഇന്റഗ്രേറ്റഡ് ഗുഡ്സ് ആൻഡ് സർവ്വീസസ് ടാക്സ് ആക്ട്, 2017 ലെ വകുപ്പ് 17 പ്രകാരം ജി.എസ്.ടി. പരിധിയിൽ വരാത്ത വ്യക്തികൾ/സ്ഥാപനങ്ങൾ ഇതര സംസ്ഥാനങ്ങളിലെ ജി.എസ്.ടി. പരിധിയിലുള്ള വ്യക്തികൾ/സ്ഥാപനങ്ങളിൽ നിന്നും നികുതി ബാധകമായ സാധനങ്ങൾ/ സേവനങ്ങൾ സ്വീകരിക്കുമ്പോൾ പ്രസ്തുത നിയമത്തിലെ വകുപ്പ് 10, വകുപ്പ് 12 എന്നീ വകുപ്പുകളുടെ അടിസ്ഥാനത്തിൽ നിർണ്ണയിക്കപ്പെടുന്ന Place of Supply-ക്ക് വിധേയമായി അപ്രകാരം സ്വീകരിക്കപ്പെട്ട സാധനങ്ങൾ/സേവനങ്ങളുടെ ഉപഭോഗം നടന്ന സംസ്ഥാനത്തിന് പ്രസ്തുത സാധനം/സേവനം സ്വീകരിക്കുമ്പോൾ സപ്ലയർക്ക് നൽകിയ ഐ.ജി.എസ്.ടി.-യുടെ 50% ലഭിക്കാൻ അർഹതയുണ്ട്. കൂടാതെ, ഇൻപുട്ട് ടാക്സ് ക്രഡിറ്റിന് അർഹതയില്ലാത്ത ഡീലർമാർ ഇതരസംസ്ഥാനത്തുനിന്നും ഐ.ജി.എസ്.ടി. നൽകി സാധനങ്ങൾ/ സേവനങ്ങൾ സ്വീകരിക്കുമ്പോൾ അപ്രകാരം അർഹതയില്ലാത്ത ഐ.ജി.എസ്.ടി.-യുടെ 50% മേൽപ്പറഞ്ഞ രീതിയിൽ Place of Supply-യുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട സംസ്ഥാനത്തിന് ലഭിക്കാൻ അർഹതയുണ്ട്. ഐ.ജി.എസ്.ടി. സെറ്റിൽമെന്റ് ലഭിക്കുന്നതിന് സർക്കാർ ക്ലെയിം നൽകേണ്ടതില്ല. നികുതിദായകർ ഫയൽ ചെയ്യുന്ന റിട്ടേണിന്റെ അടിസ്ഥാനത്തിൽ ഓട്ടോമാറ്റിക്കായി സംഭവിക്കുന്ന |

| | | | |
|---|---|---|---|
| | | | സംവിധാനമാണിത്. ജി.എസ്.ടി. റിട്ടേൺ സംവിധാനത്തിലെ അപര്യാപ്തത ജി.എസ്.ടി. യുടെ തുടക്കം മുതൽ പല പ്രശ്നങ്ങളും സൃഷ്ടിച്ചിട്ടുണ്ടായിരുന്നു. ജി.എസ്.ടി.-യുടെ തുടക്കത്തിൽ വിഭാവനം ചെയ്തിരുന്ന റിട്ടേൺ സംവിധാനം പൂർണ്ണമായും നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. ഐ.ജി.എസ്.ടി. സെറ്റിൽമെന്റുമായി ബന്ധപ്പെട്ട് കൃത്യത ഉറപ്പാക്കണമെന്ന് സംസ്ഥാനം പലതവണ ജി.എസ്.ടി. കൗൺസിലിലും കേന്ദ്ര സർക്കാരിനോടും ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ